# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *483 | 23-07-2015-ൽ മറുപടിക്ക്

### പ്രത്യേക സാമ്പത്തിക മേഖല

**ചോദ്യം**

ശ്രീ. ബി.സത്യൻ
ശ്രീ. എം.എ.ബേബി
ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ. കെ.വി.അബ്ദുൾ ഖാദർ

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

**(എ)** സംസ്ഥാനത്ത് പ്രത്യേക സാമ്പത്തി മേഖലാ പ്രഖ്യാപനം വഴി എന്തൊക്കെ വ്യാവസായിക ഗുണങ്ങളാണ് പ്രതീക്ഷിക്കുന്നത് ;

**(എ)** അധിക സാമ്പത്തിക വളർച്ച നേടിയെടുക്കുക, കയറ്റുമതി പ്രോത്സാഹിപ്പിക്കുക, ആഭ്യന്തര - വിദേശ സ്രോതസ്സുകളിൽ നിന്നുള്ള നിക്ഷേപം പ്രോത്സാഹപ്പിക്കുക, അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കയററ്റുമതി അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്നിവയാണ് പ്രത്യേക സാമ്പത്തിക മേഖലാ പ്രഖ്യാപനം വഴി ലക്ഷ്യമിട്ടിരുന്നത്.

**(ബി)** പ്രത്യേക സാമ്പത്തിക മേഖലാ പ്രഖ്യാപനം വഴി മറ്റ് മേഖലകളിൽ നിന്നും വ്യത്യസ്തമായി സർക്കാരിന് ലഭിക്കേണ്ട വിവിധ നികുതിയിനത്തിൽ എന്തെല്ലാം കുറവുകളാണ് ഉണ്ടാവുക എന്ന് വ്യക്തമാക്കാമോ ;

**(ബി)** പ്രത്യേക സാമ്പത്തിക മേഖലയിലെ യൂണിറ്റുകൾക്കായി സംസ്ഥാന സർക്കാർ താഴെ പറയുന്ന നികുതിയിളവുകൾ അനുവദിച്ചു നൽകുന്നുണ്ട്.

- കെട്ടിട നിർമ്മാണത്തിനും അടിസ്ഥാന സൗകര്യത്തിനും ഉപയോഗിക്കുന്ന കെട്ടിട സാമഗ്രികൾക്ക് അതിന്റെ ഡെവലപ്പറോ യൂണിറ്റോ നൽകേണ്ട നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ അത്തരം യൂണിറ്റുകളിൽ ഉപയോഗിക്കുന്ന യന്ത്ര സാമഗ്രികളിൻമേലും അസംസ്കൃത വസ്തുക്കളിൻമേലും യൂണിറ്റുകൾ നൽകേണ്ട VAT നികുതിയും ഒഴിവാക്കിയിട്ടുണ്ട്. പ്രത്യേക സാമ്പത്തിക മേഖലയുമായി ബന്ധപ്പെട്ട നയത്തിന്റെ ഭാഗമായി VAT നിയമത്തിന്റെ വകുപ്പ് 6(7)(b) പ്രകാരമാണ് ഇത്തരം നികുതി ഇളവുകൾ നൽകിയിരിക്കുന്നത്.

- പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 200 പ്രകാരമുള്ള സെസ്, നികുതി എന്നിവ ഈടാക്കുന്നതിൽ നിന്നും ഡെവലപ്പർ / യൂണിറ്റിന് ഇളവ് നൽകി വരുന്നുണ്ട്.
- മുനിസിപ്പിലിറ്റി ആക്ടിന്റെ സെക്ഷൻ 230 പ്രകാരമുള്ള സെസ് , നികുതി എന്നിവ ഈടാക്കുന്നതിൽ നിന്നും ഡെവലപ്പർ / യൂണിറ്റിന് ഇളവ് നൽകി വരുന്നുണ്ട്.

(സി) പ്രത്യേക സാമ്പത്തിക മേഖലാ പ്രഖ്യാപനം വഴി ലക്ഷ്യമിടുന്ന ഫലം പ്രാപ്തമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്ന ഏതെല്ലാം സ്ഥാപനങ്ങളാണ് ഉദ്ദേശിച്ച രീതിയിൽ പ്രവർത്തനക്ഷമമായിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ ?

(സി) & (ഡി) ഇക്കാര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ട് പ്രത്യേക സാമ്പത്തിക മേഖലയിലെ യൂണിറ്റുകൾ ഏറെക്കുറെ തൃപ്തികരമായ നിലയിൽ തന്നെയാണ് പ്രവർത്തിക്കുന്നത്.

2013-2014, 2014-2015 കാലഘട്ടത്തിൽ സ്വർണ്ണനാണയങ്ങളുടെയും മെഡലുകളുടെയും നിർമ്മാണത്തിലും കയറ്റുമതിയിലും ഉണ്ടായിരുന്ന നിരോധനം കാരണം ഈ കയറ്റുമതി ഇനത്തിലെ യൂണിറ്റുകളുടെ വരുമാനത്തിന് ഇടിവ് വന്നിട്ടുണ്ടെങ്കിലും പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു യൂണിറ്റുകൾ മുഖേന പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്

സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലയിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദ വിവരവും 2012-2013 മുതൽ 2014-2015 വരെ തൊഴിൽ നൽകിയവരുടെ എണ്ണവും നിക്ഷേപവും സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ

**അനുബന്ധം**

### സംസ്ഥാനത്തെ പ്രത്യേക സാമ്പത്തിക മേഖലകളിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പ്രത്യേക സാമ്പത്തിക മേഖലയുടെ പേര് | കയറ്റുമതി യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| 1. | കാർബോറാണ്ടം SEZ | 1 |
| 2. | കൊച്ചിൻ സ്പെഷ്യൽ ഇക്കോണിമിക് സോൺ | 126 |
| 3. | ഇലക്ട്രോണിക് ടെക്നോളജി പാർക്ക്-1 | 2 |
| 4. | ഇലക്ട്രോണിക് ടെക്നോളജി പാർക്ക്-3 | 16 |
| 5. | ഇലക്ട്രോണിക് ടെക്നോളജി പാർക്ക്-II | 3 |
| 6. | ഇൻഫോ പാർക്ക് | 73 |
| 7. | ഇൻഫോ പാർക്ക് - Phase II | 1 |
| 8. | കിൻഫ്ര (ഫുഡ് പ്രോസസ്സിംഗ്) സെസ് കാക്കഞ്ചേരി | 1 |
| 9. | കിൻഫ്ര (ഐ.റ്റി, ആനിമേഷൻ & ഗെയിമിംഗ്) സെസ് | 7 |
| 10. | കിൻഫ്ര ഇലക്ട്രോണിക്സ് സെസ്, കളമശ്ശേരി | 1 |
| 11. | KSITIL, ചേർത്തല | 11 |
| 12. | KSITIL, കൊല്ലം | 3 |
| 13. | KSITIL, കോഴിക്കോട് | 2 |
| 14. | പുതുവൈപ്പിൻ സെസ് | 1 |
| 15. | സതർലാന്റ് ഗ്ലോബൽ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് | 1 |
| 16. | വല്ലാർപാടം സെസ് | 1 |
| | **ആകെ** | **250** |

**Details of employment generated and investment made in the SEZ of the State**

| Description | 2012-2013 | 2013-2014 | 2014-2015 |
|---|---|---|---|
| Exports (Rs. Crores) | 34745.85 | 7955.69 | 5945.29 |
| Employment (Nos.) | 25701 | 32311 | 49652 |
| Investment (Rs.crores) (Cumulative) | 4290.87 | 5889.03 | 5976.58 |

സെക്ഷൻ ഓഫീസർ